പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4811 — 04.07.2012 ൽ മറുപടിക്ക്

## സർക്കാർ വാഹനങ്ങളിലെ സൺ ഫിലിം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>,, പി. ഉബൈദുള്ള<br>കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ വാഹനങ്ങളിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരെ കാണാനാവാത്ത വിധത്തിലുള്ള സൈഡ് ഗ്ലാസ്സുകൾ ഉപയോഗിക്കുന്നതു മുഖേനയുണ്ടാകുന്ന ബുദ്ധിമുട്ടുകളും അപകടങ്ങളും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) സർക്കാർ വാഹനങ്ങളിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരെ കാണാനാവാത്ത വിധം സൈഡ് ഗ്ലാസ്സുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മുന്നിൽ കൊടിയും, പ്രവർത്തിക്കുന്നതും അല്ലാത്തതുമായ ബീക്കൺ ലൈറ്റുമായി പോകുന്ന ഔദ്യോഗിക വാഹനങ്ങളിൽ ഉദ്യോഗസ്ഥർ ഉണ്ടോ ഇല്ലയോ എന്നറിയാൻ സാധിക്കാത്തതുമൂലം വെറും വാഹനങ്ങൾക്ക് ട്രാഫിക് നിയന്ത്രണ ഉദ്യോഗസ്ഥരും മറ്റ് സെക്യൂരിറ്റി ഉദ്യോഗസ്ഥരും സല്യൂട്ട് നൽകേണ്ടിവരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) കറുത്ത ഗ്ലാസ്സിട്ട വാഹനത്തിന് മുന്നിൽ ഔദ്യോഗിക കൊടിയോ ബീക്കൺ ലൈറ്റോ വച്ച് കള്ളക്കടത്തുകാരോ, ഭീകരരോ സഞ്ചരിച്ചാൽ ആയതു കണ്ടെത്താൻ വഴിവക്കിലെ പരിശോധനാ ഉദ്യോഗസ്ഥർക്ക് സാധിക്കുന്നില്ലെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) വി.വി.ഐ.പി., വി.ഐ.പി. കാറ്റഗറിയിൽപ്പെട്ടവർക്കും പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ നൽകപ്പെട്ടിട്ടുള്ളവർക്കുമാണ് ബീക്കൺ ലൈറ്റും ഔദ്യോഗിക കൊടികളും ഉപയോഗിക്കുന്നതിന് അനുവാദമുള്ളത്. ഇത് പോലീസിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണ് നടക്കുന്നത്. അതുകൊണ്ട് ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ഉടനടി കണ്ടെത്തി നടപടി സ്വീകരിക്കുവാൻ കഴിയും. |

(ഡി) പോലീസുദ്യോഗസ്ഥന്റെ വാഹനത്തിൽ 'പോലീസ്' എന്ന ബോർഡ് വച്ച് മണൽക്കടത്തു സംഘം സഞ്ചരിച്ചിട്ടും ആയതു കണ്ടെത്താനായില്ലെന്ന വസ്തുത ഗൗരവപൂർവ്വം പരിഗണിക്കുമോ;

(ഡി) പോലീസ് ഉദ്യോഗസ്ഥന്റെ സ്വകാര്യ കാറിൽ ഉദ്യോഗസ്ഥന്റെ അറിവോടും അനുവാദത്തോടും 'പോലീസ്' എന്ന ബോർഡ് വച്ച് ചിലർ ശബരിമലയ്ക്ക് പോയത് കണ്ടെത്തി ഉദ്യോസ്ഥനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഇ) വി.വി.ഐ.പി സെക്യൂരിറ്റി, രാജ്യസുരക്ഷ എന്നീ കാര്യങ്ങളിൽ പോലും ഉന്നത സിവിൽ, പോലീസ് ഉദ്യോഗസ്ഥരുടെ വ്യാജമുദ്രകളും അടയാളങ്ങളും പതിച്ച, കറുത്ത ഗ്ലാസ്സിട്ട വാഹനങ്ങൾക്ക് ഭീഷണി ഉയർത്താനാവുമെന്ന വസ്തുത പരിഗണിച്ച്, സർക്കാർ വാഹനങ്ങളിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരെ വ്യക്തമായി പരിശോധന ഉദ്യോഗസ്ഥർക്ക് കാണാനാവുന്ന തരത്തിലുള്ള സൈഡ് ഗ്ലാസ്സുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്ക്കർഷിക്കുമോ?

(ഇ) സൺകൺട്രോൾ ഫിലിം സംബന്ധിച്ച് സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ